# നമ്മൾ അഹിംസയുടെ നേർച്ചക്കോഴികളോ?

സ്നേഹ എസ്.

**'ഞാനെന്ത്, അഹിംസയുടെ ബാർബി പാവയോ?'** എന്ന് ഈയിടെ അരുന്ധതിറോയ് ചോദിക്കുകയുണ്ടായി.

പ്ലാച്ചിമടക്കാർ ഇത് മറ്റൊരു വിധത്തിൽ ചോദിക്കാൻ സമയമായിരിക്കുന്നു. പ്ലാച്ചിമട സമരം ആയിരം ദിവസം കടക്കുമ്പോൾ ഹിംസയുടെ കുത്തകരൂപങ്ങൾക്കും അധികാരക്കോട്ടകൾക്കുമെതിരെ അഹിംസാത്മകസമരത്തിന്റെ മുനതേഞ്ഞ ചില രൂപങ്ങൾ മാത്രമാണ് നമുക്ക് പ്രയോഗിക്കാനുള്ളത്. ജനാധിപത്യഭരണകൂടത്തിന്റെ എല്ലാ സംവിധാനങ്ങളും വിദേശകുത്തകയുടെ ചൂഷണത്തിന് അരുകുനിൽക്കുമ്പോൾ ജനങ്ങൾക്ക് താൽക്കാലികമായെങ്കിലും ആശ്രയിക്കാവുന്നത് കോടതിയിലുള്ള വിശ്വാസമാണ്. എന്നാൽ ഈ വിശ്വാസം പോലും മറ്റ് പല സാങ്കേതിക പ്രശ്നങ്ങളിലും കുരുങ്ങി നീതിയുടെ എന്നെന്നേക്കുമായ നീണ്ടുപോകലിൽ കലാശിക്കാവുന്നതേയുള്ളൂ.

കേരളത്തിൽ ഈയടുത്തകാലത്ത് വീണ്ടും ഉയർന്നുവന്ന പ്രമാദമായ കുഞ്ഞാലിക്കുട്ടിയുടെ ലൈംഗികവാണിഭയജ്ഞത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ. നിയമം പ്രതിയാക്കിയിട്ടില്ലെന്ന ഒരൊറ്റ കാരണത്താൽ സമ്പത്തിന്റെ അധികാരത്തിന്റെയും ശക്തി നീതിയെ നിഷേധിക്കുന്നതാണ് കേരളം കണ്ടത്. സത്യം ഒരിക്കലും പുറത്തുവരാത്ത വിധം രാഷ്ട്രീയ ബ്ലാക്ക് മെയിലിങ്ങും പണവും വർഗ്ഗീയമായ വിലപേശലും ഒത്തൊരുമിച്ച് നിയമവ്യവസ്ഥയേയും ജനാധിപത്യത്തേയും അട്ടിമറിക്കുന്ന അധികാരത്തിന്റെ അശ്ലീലമാണ് കേരളം കണ്ടത്.

ഈ അശ്ലീലം മറ്റൊരുരൂപത്തിൽ പ്ലാച്ചിമടയിലും അവതരിക്കുന്നു. പ്ലാച്ചിമടയിലെ ജലം മലിനമാകുന്നതും ഭൂഗർഭജലം കൊക്കക്കോള കമ്പനി നിർദ്ദാക്ഷിണ്യം ഊറ്റുന്നതും ജനാധിപത്യ സർക്കാരുകളെ യാതൊരു വിധത്തിലും ആകുലമാക്കുന്നില്ല. പ്രദേശത്തെ ജനതയുടെ പ്രതിഷേധങ്ങൾ ആരെയും അലോസരപ്പെടുത്തുന്നില്ല. അവരുടെ സമരം ആയിരം ദിവസം പിന്നിടുകയാണ്. കേരളത്തിന്റെ ഒരു മുഖ്യമന്ത്രിപോലും പ്ലാച്ചിമട സന്ദർശിച്ച് അവിടുത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കാൻ മനസ്സു കാണിച്ചിട്ടില്ല. അവരുടെ ജനസമ്പർക്കപരിപാടികളിലൊന്നും പ്ലാച്ചിമടക്കാരെ ജനതയായി പരിഗണിച്ചില്ല.

ജനകീയ പ്രതിരോധത്തിന് മുന്നിൽ മുട്ടുമടക്കിക്കൊണ്ടോ ഇവിടെ പ്രവർത്തിച്ചതുകൊണ്ട് കൂടുതൽ ലാഭമുണ്ടാക്കാനില്ല എന്നതുകൊണ്ടോ, ഇതിനേക്കാൾ ലാഭകരമായി പ്രവർത്തിക്കാൻ മറ്റെവിടെയെങ്കിലും സ്ഥലം ലഭിക്കുമെന്നതുകൊണ്ടോ കൊക്കക്കോള ഇവിടെ നിന്ന് പിന്മാറിയേക്കാം. ഇതിലൂടെ ഉണ്ടാകുന്ന നഷ്ടം ഏതെങ്കിലും മൂന്നാംലോക രാജ്യത്തിന്റെ ജലമൂറ്റിക്കൊണ്ടും ജനങ്ങളെപ്പോലെ തുച്ഛവരുമാനത്തിന് ജോലിചെയ്യിപ്പിച്ചുകൊണ്ടും കൊക്കക്കോള തിരിച്ചുപിടിക്കുമായിരിക്കും. പക്ഷേ പ്ലാച്ചിമടയുടെ പാവപ്പെട്ട മനുഷ്യർക്ക് അവരുടെ ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ട രണ്ട് വർഷങ്ങൾക്ക് എന്താണ് പകരം വെക്കാനുണ്ടാവുക? അവർക്ക് എന്ത് നഷ്ടപരിഹാരമാണ് നൽകപ്പെടുക.

ഇനിയിവിടെ നിന്ന് ആലോചിച്ച് തുടങ്ങണമെന്ന് തോന്നുന്നു. കാരണം അഹിംസയുടെ നേർച്ചക്കോഴികളാകാനും ജനാധിപത്യത്തിന്റെ പഴഞ്ചൻ സമരമാർഗ്ഗങ്ങളുടെ സാധുത നിലനിർത്തുന്നതിനും വേണ്ടി പ്ലാച്ചിമടയിലെ ആദിവാസി ജനത കഴിഞ്ഞ ആയിരം ദിവസങ്ങളായി സഹിച്ച ജീവിതദുരിതങ്ങൾക്ക്, അവരുടെ സഹനത്തിന് ആരാണ് വിലയൊടുക്കുക. ജനതയ്ക്ക് ചെവികൊടുക്കാത്ത ജനാധിപത്യ ഭരണകൂടങ്ങൾ അതിന്റെ സന്മാർഗ്ഗപുസ്തകങ്ങളിലൂടെ പ്രചരിപ്പിക്കുന്ന 'ജനാധിപത്യമൂല്യങ്ങളിലൂന്നിയ സമരമാർഗ്ഗങ്ങൾ'(സത്യാഗ്രഹം, പിക്കറ്റിങ്, കാൽനട, നിരാഹാരം. ബ്ലാ.. ബ്ലാ...) സംരക്ഷിക്കാൻ പ്ലാച്ചിമടക്കാരെ നിർബന്ധിക്കുന്നതെന്തായിരിക്കണം?

ചാലിയാറിനെ വിഷലിപ്തമാക്കിയ മാവൂർ റയോൺസിനെതിരെ വർഷങ്ങൾ നീണ്ടുനിന്ന ജനകീയ സമരമുറകൾക്കൊടുവിൽ ഫാക്ടറി പൂട്ടുന്നു. വമ്പിച്ച ലാഭവുമായി കമ്പനി തടിയൂരുമ്പോൾ ചാലിയാറിന് ചുറ്റും താമസിച്ച് വിഷമേറ്റുവാങ്ങിയവർക്ക് എന്ത് നഷ്ടപരിഹാരമാണ് നൽകിയത്? ഭോപ്പാലിനെ കുരുതി കൊടുത്തുകൊണ്ട് കടന്നുകളഞ്ഞ വാറൻ ആൻഡേഴ്സനും യൂണിയൻ കാർബൈഡും ആ കൊലയാളികളെ അവർക്കുവേണ്ടി ഭോപ്പാലിന്റെ ഭാവിതലമുറകളെക്കൂടി ഒറ്റുകൊടുത്ത ഇന്ത്യൻ ജനാധിപത്യ ഭരണകൂടവും നമുക്കു മുമ്പിൽ നിലവിലുള്ള ജനാധിപത്യസമരരൂപങ്ങളുടെ കുലീനമായ പരമ്പരാഗത കുറുക്കുവഴികൾ അവശേഷിപ്പിക്കുന്നില്ല.

പ്ലാച്ചിമടയിലെ ജനതയ്ക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകിക്കൊണ്ടല്ലാതെ കേരളത്തിൽ പ്രവർത്തിക്കാൻ കൊക്കക്കോളയെ അനുവദിക്കാതിരിക്കുക.

ജലമലിനീകരണത്തിന് പകരമായി പ്രദേശത്തെ ജനതയ്ക്ക് ശാശ്വതമായ ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ബഹുരാഷ്ട്ര ജലഭീമനിൽ നിന്ന് ഈടാക്കുക.

സമരം എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്ന് മാത്രമല്ല നാമിപ്പോൾ ചിന്തിക്കേണ്ടത്. അത് പുതിയ രൂപത്തിലും തലത്തിലും മുന്നോട്ട് കൊണ്ടുപോകുകയെങ്ങനെയെന്നാണ്. അതിന് ജനാധിപത്യ സമരരൂപങ്ങളെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളും (തെറ്റിദ്ധാരണകൾ)മാമൂലുകളും മാറ്റിവെക്കേണ്ടിയിരിക്കുന്നു. പുതിയകാലത്തിന്റെ സമരരൂപങ്ങൾ ഉയർന്നുവരേണ്ട സമരസമയമാണിത്. അത് സംഭവിക്കുന്നില്ലെങ്കിൽ നമുക്കെവിടെയോ പഴകിത്തുടങ്ങിയിരിക്കുന്നു എന്ന് മണത്തുതുടങ്ങേണ്ടിയിരിക്കുന്നു.